


# MALANKARA ORTHODOX TV

## (An Online TV Site)

## www.malankaraorthodox.tv


**Malankara Orthodox TV**
**'Sophia', IInd floor, Kandathil Building**
**Temple Road, Kottayam-686 001**
**Mob: 99471 20697**


**"കാക്കയെ നോക്കുവിൻ; അതു വിതയ്ക്കുന്നില്ല, കൊയ്യുന്നുമില്ല. അതിനു പാണ്ടികശാലയും കളപ്പുരയും ഇല്ല. എങ്കിലും ദൈവം അതിനെ പുലർത്തുന്നു."**

**(വി. ലൂക്കോസ് 12:24)**

മലങ്കര ഓർത്തഡോക്സ് ടി. വി. യുടെ പ്രിയ വായനക്കാർക്ക് സ്നേഹവന്ദനം.

എം. ടി. വി. വിജയകരമായ നാലു വർഷം പൂർത്തിയാക്കി അഞ്ചാം വർഷത്തിലേയ്ക്കു കടക്കുന്ന ഈ സന്ദർഭത്തിൽ ഏറെ അഭിമാനത്തോടും സന്തോഷത്തോടുമാണ് ഈ കത്ത് എഴുതുന്നത്.

2007-ലെ സഭാദിനത്തിൽ സഭയോടുള്ള അഗാധ സ്നേഹത്തിന്റെ ബഹിർസ്ഫുരണമായി ഈ പ്രസ്ഥാനം ആരംഭിക്കുമ്പോൾ എം. ടി. വി. ഇത്രയേറെ വളരുമെന്നോ പ്രയോജനകരമായിത്തീരുമെന്നോ സ്വപ്നേപി വിചാരിച്ചിരുന്നില്ല. ദൈവംതമ്പുരാന്റെ അളവറ്റ കരുണയും, ദൈവത്തെയും സഭയെയും സ്നേഹിക്കുവാൻ ഞങ്ങളെ പഠിപ്പിച്ച ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മദ്ധ്യസ്ഥതയുമാണ് ഈ വളർച്ചയുടെ പിമ്പിൽ എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അവനവന്റെ നന്മയ്ക്കും ഉയർച്ചയ്ക്കും വേണ്ടി ശ്രമിക്കാതെ മറ്റുള്ളവരുടെ നന്മയ്ക്കായി ശ്രമിക്കുന്നവന് ദൈവം മുട്ടുണ്ടാക്കുകയില്ല എന്ന് അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സാക്ഷിക്കാനും ഞങ്ങൾക്ക് സന്തോഷമുണ്ട്.

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ചിന്തകളെ മനുഷ്യരാശിക്കു പരിചയപ്പെടുത്തുവാൻ സ്ഥാപിതമായ ഗ്രിഗറി ഓഫ് ഇന്ത്യ സ്റ്റഡി സെന്ററാണ് മലങ്കര ഓർത്തഡോക്സ് ടി. വി., പൗലോസ് മാർ ഗ്രീഗോറിയോസ് ഡോട്ട് ഇൻഫോ, മാർത്തോമാ ദിദിമോസ് ഫസ്റ്റ് ഡോട്ട് ഇൻഫോ, ഗീവർഗീസ് മാർ ഒസ്താത്തിയോസ് ഡോട്ട് ഇൻഫോ, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ഡോട്ട് ഇൻഫോ, ഫാദർ കെ. എം. ജോർജ് ഡോട്ട് ഇൻഫോ, മലങ്കര നസ്രാണി ഡോട്ട് കോം എന്നീ ഏഴു വെബ്സൈറ്റുകൾ നടത്തുന്നത്. ഇതിൽ എം. ടി. വി. മാത്രമാണ് സംഭാവനകൾ സ്വീകരിച്ചു നടത്തുന്ന പ്രസ്ഥാനം.

മലങ്കരസഭാ സംബന്ധമായ വാർത്തകൾ ഏറ്റവും പെട്ടെന്ന് ലഭ്യമാകുന്ന ഒരു മാധ്യമം എന്നതിലുപരി സഭയെക്കുറിച്ചുള്ള ഒരു മിനി വിജ്ഞാനകോശം എന്ന നിലയിലേയ്ക്ക് എം. ടി. വി. വളർന്നു കഴിഞ്ഞിരിക്കുന്നു. സഭാ സംബന്ധമായ എന്തിനും ഏതിനും മറുപടി ഒരു സേർച്ചിലൂടെ ലഭ്യമാകും എന്നത് സഭാംഗങ്ങൾക്കും അല്ലാത്തവർക്കും ഏറെ പ്രയോജനകരമാണ്. ഞങ്ങൾ പോലും പ്രതീക്ഷിക്കാത്ത പല രീതികളിൽ എം. ടി. വി. പല വായനക്കാർക്കും പ്രയോജനകരമാകുന്നു എന്ന് അറിയുന്നത് ഏറെ ചാരിതാർത്ഥ്യജനകമായ കാര്യമാണ്.

വായനക്കാരുടെ സാമ്പത്തിക സഹായങ്ങളുടെ പിൻബലത്തോടെയാണ് എം. ടി. വി. ഓരോ ചുവടും മുന്നോട്ടു വച്ചത്. ചിലരൊക്കെ ഇതിനു പിന്നിലെ കഷ്ടപ്പാടുകൾ കണ്ടറിഞ്ഞ്, തിരിച്ചറിഞ്ഞ് അയച്ചുതരുന്ന ചെറിയ തുകകൾ മിക്കപ്പോഴും കാശില്ലാത്ത അവസ്ഥകളിൽ തന്നെ ലഭിച്ചുകൊണ്ടിരിക്കുന്നു. എം. ടി. വി. വളരുന്നതോടൊപ്പം ചിലവുകളും വർദ്ധിച്ചുവന്നു. ഈ സാമ്പത്തികവർഷം അവസാനിക്കുമ്പോൾ കടമില്ലാത്ത ഒരു കണക്കുമായി നിങ്ങൾക്കു മുമ്പിൽ വരാൻ ദൈവം കരുണ ചെയ്തു. ചെറുതും വലുതുമായി സഹായിച്ച ഏവർക്കും ദൈവനാമത്തിൽ നന്ദി പറയുന്നു. അവരുടെ പ്രതീക്ഷകൾക്കുപരി ഉയരുവാൻ എം. ടി. വി. ക്ക് സാധിച്ചിട്ടുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം.

ഒരു ഫുൾടൈം സ്റ്റാഫിനെ നിയമിക്കുക, ഒരു പ്രൊഫഷണൽ വീഡിയോ ക്യാമറ വാങ്ങിക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായി നാലു ലക്ഷത്തോളം രൂപയുടെ ചിലവു പ്രതീക്ഷിച്ചുകൊണ്ടാണ് ഞങ്ങൾ അഞ്ചാം വർഷത്തിൽ പ്രവർത്തിക്കുന്നത്.

സഭാസ്നേഹികളായ കുറെ ചെറുപ്പക്കാരെ കണ്ടെത്താനും അവരെ പ്രയോജനപ്പെടുത്താനും സാധിച്ചുവെന്നതിൽ എം. ടി. വി. അഭിമാനിക്കുന്നു. വിവിധ രാജ്യങ്ങളിൽ ഇരുന്ന് തിരക്കേറിയ തങ്ങളുടെ ജീവിതത്തിലെ കുറെ മണിക്കൂറുകൾ അവർ എം. ടി. വി. ക്കായി മാറ്റിവയ്ക്കുന്നു. എഡിറ്ററായ ഫിലിപ്പ് എ. ചാക്കോ (സുനു), ന്യൂസ് എഡിറ്റർ വിപിൻ കെ. വർഗ്ഗീസ്, സബ് എഡിറ്റർമാരായ ബിനു ചാക്കോ, ബന്നി വർഗ്ഗീസ്, ടെക്നിക്കൽ കൺസൾട്ടന്റ് റൂബിൻ ജിയോ വർഗ്ഗീസ് തുടങ്ങിയവരുടെ നിസ്വാർത്ഥ സേവനങ്ങളെയും വിവിധ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന കറസ്പോണ്ടന്റുമാരുടെ സേവനങ്ങളെയും നന്ദിപൂർവ്വം ഓർക്കുന്നു.

ഗൾഫ്, അമേരിക്ക, യൂറോപ്പ് – ആഫ്രിക്ക എന്നീ പ്രാദേശിക പേജുകളും മാട്രിമോണിയൽ മിനി സൈറ്റും ആരംഭിക്കുകയും ലൈവ് വെബ്കാസ്റ്റ് പോലെയുള്ള പുതിയ സംരംഭങ്ങളുമായി ഏറ്റവും പുതിയ ടെക്നോളജിയുടെ പിൻബലത്തോടെ, സഭയ്ക്ക് ഒരു ടി.വി. ചാനൽ ഇല്ലാത്തതിന്റെ വിടവു കൂടി നികത്തത്തക്കവിധത്തിൽ പ്രവർത്തിക്കുന്ന എം. ടി.വി. ക്ക് വായനക്കാരുടെ പ്രാർത്ഥനയും സഹകരണവും എന്നും ഉണ്ടാവുമെന്ന പ്രതീക്ഷയോടെ...

സ്നേഹപൂർവ്വം

**ജോയ്സ് തോട്ടയ്ക്കാടും കൂട്ടുകാരും**

**Send your donation to retain Malankara Orthodox TV Online:**


**Joice Thottackad**
**Malankara Orthodox TV, 'Sophia',**
**IInd Floor, Kandathil Building, Temple Road,**
**Thirunakkara, Kottayam, Kerala PIN 686001**
**Mob: 91 99471 20697**
**E-mail: joicethottackad@yahoo.com**


ചെക്ക്, ഡ്രാഫ്റ്റ് എന്നിവ **Malankara Orthodox TV** എന്ന പേരിൽ എഴുതി അയക്കുക.

ബാങ്ക് അക്കൗണ്ടിലേക്ക് പണമയയ്ക്കുവാൻ Account Number 5700844115-1 SBT CMS College Branch (Code Number 7484) Account Name: Joice Thottackad